(ബി) ഇതിൽ ജപ്തി നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി, സി) ജപ്തി നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് വയനാട് ജില്ലയിൽ 2 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

കടബാധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ

77. [77] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര കുടുംബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടക്കാൻ കഴിയാത്തതുംമൂലം ആത്മഹത്യ ചെയ്തവരെത്ര; ഇതേ കാലയളവിൽ മറ്റ് കടബാധ്യത യിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര;

(ഡി) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവരുടെ കടബാധ്യത എഴുതി തള്ളുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തീരുമാനമെടുത്തിട്ടില്ല.

അജ്ഞാത മൃതദേഹങ്ങൾ

78. [78] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അജ്ഞാത മൃതദേഹങ്ങൾ കണ്ടെത്തുകയുണ്ടായി;

(ബി) ഇതിൽ പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എത്രവീതം; തിരിച്ചറിയാൻ കഴിയാത്തവ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) അജ്ഞാത മൃതദേഹങ്ങളിൽ എത്രയെണ്ണം അന്വേഷണത്തെ തുടർന്ന് കൊലപാതകമാണെന്ന് തെളിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1861 മൃതദേഹങ്ങൾ.

(ബി) പുരുഷന്മാർ .. 1636
സ്ത്രീകൾ .. 191
കുട്ടികൾ .. 38
അസ്ഥികൂടവും അവയവങ്ങളും തിരിച്ചറിയാൻ കഴിയാത്തവ .. 897

(സി) 1844 കേസുകൾ.

(ഡി) 39 എണ്ണം

കാണാതായവരുടെ കണക്കുകൾ

*9. [79] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തു നിന്നും എത്ര പേരെ കാണാതായിട്ടുണ്ട്;

(ബി) ഇതിൽ സ്ത്രീകൾ എത്ര, പുരുഷന്മാർ എത്ര, കുട്ടികൾ എത്ര; ഇവരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ നൽകുമോ;

(സി) കാണാതായവരിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്നും, അതിൽ എത്ര പേർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നും പറയാമോ;

(ഡി) ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഇ) കാണാതായവരിൽ എത്ര പേർ തിരിച്ചെത്തിയിട്ടുണ്ടെന്ന് പറയാമോ;

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കാണാതായവരെത്ര?

ഉത്തരം

(എ) 11092 പേരെ കാണാതായിട്ടുണ്ട്.

(ബി) ഇതിൽ 4992 സ്ത്രീകളും 4281 പുരുഷന്മാരും 1819 കുട്ടികളുമാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly